മോട്ടോർവാഹന വകുപ്പിലെ എൻഫോഴ്സ്മെൻറ് ഉദ്യോഗസ്ഥൻമാർ പ്രതിവാരം പരിശോധനാവിധേയമാക്കേണ്ട വാഹനങ്ങളുടെ മിനിമം കാട്ട നിശ്ചയിക്കുകയും അതനുസരിച്ചുള്ള പ്രവർത്തനം സസൂക്ഷ്മ പരിശോധന വിധേയമാക്കുകയും ചെയ്തു വരുന്നു.

കെ. എസ്. ആർ. ടി. സി. ബസ്സുകളുടെ വേഗത

* 356. [382] ശ്രീ. വി. ജെ. തങ്കപ്പൻ :
,, ടി. കെ. ആറുമുഖൻ :
,, ഒ. ഭരതൻ :
,, വർക്കല രാധാകൃഷ്ണൻ :
,, പി. വി. കുഞ്ഞിക്കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. ബസ്സുകളുടെ വേഗത കൂട്ടാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ):

(എ) ഇല്ല

(ബി) ചോദ്യം ഉദിക്കുന്നില്ല.

ആർ.. എൽ. ഇ. ജി. പി., എൻ. ആർ. ഇ. പി. പദ്ധതിപ്രകാരം പണിയുന്ന ആശുപത്രി കെട്ടിടങ്ങൾ

* 357. [383] ശ്രീ. ഇ. ജെ. ലൂക്കോസ് :
,, ശ്രീ. വി. വി. ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ വർഷം ആർ. എൽ. ഇ. ജി. പി., എൻ. ആർ. ഇ. പി. പദ്ധതികളിൽ പെടുത്തി എത്ര ആശുപത്രി കെട്ടിടങ്ങൾ പണിയാനുദ്ദേശിക്കുന്നു ?

ഗ്രാമവികസന വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

ഇക്കാര്യത്തിൽ അന്തിമ തീരുമാനമൊന്നും ആയിട്ടില്ല.

ചുമട്ടുതൊഴിലാളി നിയമം

* 358. [384] ശ്രീ. എം. വി. രാഘവൻ :
,, വാസുദേവമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ചുമട്ടുതൊഴിലാളി നിയമം സംസ്ഥാനത്തെല്ലാം പ്രദേശങ്ങളിലാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ നിയമം പ്രാബല്യത്തിൽ വന്നാൽ തൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുക ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) ചുമട്ടുതൊഴിലാളി നിയമം സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ജോലി സ്ഥിരത, റിട്ടയർമെന്റ് ബെനിഫിറ്റ്, സ്റ്റാറ്റ്യൂട്ടറി ബെനിഫിറ്റ് തുടങ്ങിയ ആനുകൂല്യങ്ങളും ലഭിക്കും.

മിനിമം വേജസ് പ്രഖ്യാപിക്കുന്ന തൊഴിൽ മേഖലകൾ

* 359. [385] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ മിനിമം വേജസ് പ്രഖ്യാപിക്കുന്ന തൊഴിൽ മേഖലകൾ എന്തെല്ലാമാണ് ;

(ബി) മിനിമം വേജസ് ഒരു വ്യവസായ മേഖലയിൽ ഏർപ്പെടുത്തുവാൻ എത്ര തൊഴിലാളികൾ വേണം ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) കേരളത്തിൽ മിനിമം വേജസ് പ്രഖ്യാപിക്കുന്ന തൊഴിൽ മേഖലകൾ താഴെ പറയുന്നവയാണ്:

1. ഏതെങ്കിലും അരിമില്ലിലോ മാവുമില്ലിലോ പരിപ്പുമില്ലിലോ ഉള്ള തൊഴിൽ
2. (ബീഡി ഉണ്ടാക്കുന്നതുൾപ്പെടെയുള്ള) ഏതെങ്കിലും പുകയില നിർമ്മാണ ശാലയിലെ തൊഴിൽ
3. ഏതെങ്കിലും കൃഷിത്തോട്ടത്തിലെ അതായത് കയിന, റബ്ബർ, തേയില അല്ലെങ്കിൽ കാപ്പി കൃഷി ചെയ്യേണ്ട ആവശ്യത്തിനായി വച്ചു പോരുന്ന ഏതെങ്കിലും എസ്റ്റേറ്റിലെ തൊഴിൽ
4. ഏതെങ്കിലും എണ്ണ മില്ലിലെ തൊഴിൽ
5. ഏതെങ്കിലും തദ്ദേശാധികാരസ്ഥാനത്തിന്റെ കീഴിലുള്ള തൊഴിൽ
6. റോഡുകൾ നിർമ്മിക്കുകയോ നിലനിർത്തി പോരുകയോ ചെയ്യുന്നതു സംബന്ധിച്ചോ അല്ലെങ്കിൽ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളിലോ ഉള്ള തൊഴിൽ
7. കല്ലുടയ്ക്കുകയോ കല്ലുപൊടിക്കുകയോ ചെയ്യുന്ന തൊഴിൽ
8. പബ്ലിക് മോട്ടോർ ട്രാൻസ്പോർട്ടിലുള്ള തൊഴിൽ
9. തോലുറയ്ക്കിടുന്ന ശാലകളിലോ തോൽ നിർമ്മാണ ശാലയിലോ ഉള്ള തൊഴിൽ
10. കയർ നിർമ്മാണത്തിലെ തൊഴിൽ
11. കശുവണ്ടി വ്യവസായത്തിലെ തൊഴിൽ
12. അച്ചടി ശാലയിലെ തൊഴിൽ

LIBRARY ARCHIVES Kerala Legislative Assembly